"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ്- ചെറുകിട ജലസേചനം-മാവേലിക്കര നഗരസഭ വാർഡ് 10-ലെ കൊറ്റാർകാവ് ദേവി ക്ഷേത്രത്തിനു പുറക് വശത്തെ കോട്ടത്തോടിന്റെ നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ജലവിഭവ (എം. ഐ ) വകുപ്പ്**

സ.ഉ.(സാധാ) നം.523/2024/WRD തീയതി,തിരുവനന്തപുരം, 09-07-2024

---

പരാമർശം:- 1. സ.ഉ (സാധാ)നം. 6516/2023/ധന തിയതി. 13/09/2023

2. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 15/02/2024 തീയതിയിലെ CEIA/889/2024-DB2(W1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2023-24-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധംII-മരാമത്തുപണികളുടെ വിശദ വിവരങ്ങൾ-വാല്യം II-ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ-ക്രമ നമ്പർ 2622 ആയി ഉൾപ്പെട്ടുത്തിയതും 50ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20%തുക വകയിരുത്തിയതുമായ "മാവേലിക്കര മണ്ഡലത്തിലെ വിവിധ അംഗനവാടികൾക്ക് കെട്ടിടം" എന്ന പ്രവൃത്തിയ്ക്ക് പകരമായി അതേ തുകയ്ക്ക് "ചുനക്കര ഹോമിയോ ആശുപത്രിയ്ക്ക് കെട്ടിട നിർമ്മാണം(30ലക്ഷം രൂപ)", "മാവേലിക്കര കൊട്ടത്തോട് നവീകരണം (20ലക്ഷം രൂപ)" എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി പരാമർശം(1) പ്രകാരം സർക്കാർ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. "മാവേലിക്കര നഗരസഭ വാർഡ് 10-ലെ കൊറ്റാർകാവ് ദേവി ക്ഷേത്രത്തിനു പുറക് വശത്തെ കൊട്ടത്തോടിന്റെ നവീകരണം" എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്(DSoR 2018,GST 18%,Cost index 41.53% പ്രകാരം) പരാമർശം(2)-ലെ കത്ത് മുഖേന ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കുകയും 2702-03-I01-98-03-34-03-NV എന്ന ശീർഷകത്തിൽ ടി പ്രവൃത്തിക്ക് അധികതുക വകയിരുത്തി ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു."മാവേലിക്കര മണ്ഡലത്തിലെ വിവിധ അംഗനവാടികൾക്ക് കെട്ടിടം" എന്ന പ്രവൃത്തിക്ക് പകരമായി ഉൾപ്പെടുത്തിയ 20 ലക്ഷം രൂപ അടങ്കൽ തുകയുള്ള "മാവേലിക്കര നഗരസഭ വാർഡ് 10-ലെ കൊറ്റാർകാവ് ദേവി ക്ഷേത്രത്തിനു പുറക് വശത്തെ കൊട്ടത്തോടിന്റെ നവീകരണം" എന്ന പ്രവൃത്തിക്ക് 2702-03-I01-98-03-34-03

-Repairs to Flood Damage-NV എന്ന ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ (2024-25) ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA K
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,ജലസേചനവും ഭരണവും, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ), കേരളം
തിരുവനന്തപുരം
ധനകാര്യ വകുപ്പ് (നം.2727312/Agri-A1/61/2024-FIN തിയതി. 08.04.2024 )
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ )
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sandhya S Nair
Date: 09-07-2024 17:46:16
സെക്ഷൻ ഓഫീസർ

പകർപ്പ്: ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്
ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്